# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1039** — **30/11/2018**-ലെ മറുപടി

## കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ. കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയിൽ സ്ഥലം മാറ്റ മാനദണ്ഡം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ നമ്പർ, കോപ്പി സഹിതം നൽകാമോ; | (എ) | 26/02/2018-ലെ കെ.ഡബ്ല്യൂ.എ/ജെ.ബി/ ഇ.1/3687/2017 നമ്പർ പരിപത്രം മുഖേന കേരള വാട്ടർ അതോറിറ്റിയിൽ സ്ഥലംമാറ്റ മാനദണ്ഡം നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ബി) അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകളിലെ സ്ഥലം മാറ്റം നടത്തുന്നത് ആരാണ്; സ്ഥലമാറ്റം സംബന്ധിച്ച് പരാതിയുള്ളവർ അപ്പീൽ നൽകേണ്ടത് ആർക്കാണ്; | (ബി) | അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകളിലെ സ്ഥലം മാറ്റം യഥാക്രമം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ജനറൽ), ചീഫ് എഞ്ചിനീയർ (എച്ച്.ആർ.ഡി & ജനറൽ), മാനേജിംഗ് ഡയറക്ടർ എന്നിവരാണ് നടത്തുന്നത്. സ്ഥലമാറ്റം സംബന്ധിച്ച് പരാതിയുള്ളവർ അപ്പീൽ നൽകേണ്ടത് ചീഫ് എഞ്ചിനീയർ (എച്ച്.ആർ.ഡി & ജനറൽ), മാനേജിംഗ് ഡയറക്ടർ എന്നിവർക്കാണ്. |
| (സി) കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിന് ഓൺലൈൻ സ്ഥലംമാറ്റ സംവിധാനം കേരള വാട്ടർ അതോറിറ്റിയിൽ നടപ്പിൽ വരുത്തുമോ? | (സി) | ഓൺലൈൻ സ്ഥലംമാറ്റ സംവിധാനം കേരള വാട്ടർ അതോറിറ്റിയിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. |

Renuka Sankar
സെക്ഷൻ ഓഫീസർ

JSK/

E-mail: md@kwa.kerala.gov.in
Website:http://www.kwa.kerala.gov.in

Fax: 91-0471-2324903

ഭരണഭാഷ - മാതൃഭാഷ

# KERALA WATER AUTHORITY

JALABHAVAN
THIRUVANANTHAPURAM – 695 033
KERALA –SOUTH INDIA

നമ്പർ.കെ.ഡബ്ല്യു.എ/ജെ.ബി/ഇ.1/3687/2017. തീയതി, 26.02.2018.

## സർക്കുലർ

വിഷയം:- കേരള വാട്ടർ അതോറിറ്റി - ജീവനക്കാര്യം - 2018 വർഷത്തെ പൊതു സ്ഥലമാറ്റം അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 25.02.2017-ലെ സ.ഉ.(പി). നമ്പർ.3/2017/ഉ.ഭ.പ.വ.

കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാരിൽ നിന്നും 2018 വർഷത്തിലെ പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷ ഇതിനാൽ ക്ഷണിച്ചു കൊള്ളുന്നു. ആയതിലേയ്ക്കായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 20.03.2018 നകം അപേക്ഷകൾ ചീഫ് എഞ്ചിനീയർ (എച്ച്.ആർ.ഡി & ജനറൽ) കാര്യാലയത്തിൽ ലഭിച്ചിരിക്കണം. അതിന് ശേഷം ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

2. അപേക്ഷകൾ ഉചിത മാർഗ്ഗേണ ആയിരിക്കണം സമർപ്പിക്കേണ്ടത്. അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

3. 2018-ലെ പൊതു സ്ഥലമാറ്റത്തിന് ഇതോടൊപ്പം തയ്യാറാക്കിയിട്ടുള്ള പ്രത്യേക അപേക്ഷ മാതൃകയിൽ മാത്രമേ അപേക്ഷിക്കുവാൻ പാടുള്ളൂ. സ്ഥലമാറ്റം ആവശ്യമുള്ളവർ പുതുതായി അപേക്ഷകൾ നൽകണം. മുൻകാലങ്ങളിൽ നൽകിയ അപേക്ഷകൾ 2018-ലെ പൊതു സ്ഥലമാറ്റത്തിന് പരിഗണിക്കുന്നതല്ല.

4. അപേക്ഷ പൂർണ്ണമായും പൂരിപ്പിച്ചിരിക്കണം. അപൂർണ്ണമായ അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

5. ഒരു സ്റ്റേഷനിൽ ഡ്യൂട്ടിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷം സേവനം 30.04.2018-ൽ പൂർത്തിയാക്കുന്ന ജീവനക്കാർ മാത്രം അപേക്ഷ നൽകിയാൽ മതിയാകും. ഒരു സ്റ്റേഷൻ എന്നാൽ ഒരു റവന്യൂ ജില്ലയിൽ 15 കി.മീ ചുറ്റളവിനുള്ളിലെ തുടർച്ചയായ സർവ്വീസ് ആയിരിക്കും.

6. അനുകമ്പാർഹമായ കാരണങ്ങൾക്കോ, (സൂചന ഉത്തരവിലെ ഖണ്ഡിക നാലിൽ സൂചിപ്പിച്ചിരിക്കുന്നത്) പ്രത്യേകം മുൻഗണന അർഹിക്കുന്നുവെങ്കിലോ (സൂചന ഉത്തരവിലെ അനുബന്ധം പേജ് 12) ആയത് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്.

7. ഓരോ ജീവനക്കാരനും അവരുടെ ഹോം സ്റ്റേഷൻ (ജില്ല സഹിതം) അപേക്ഷയോടൊപ്പം ഡിക്ലയർ ചെയ്യേണ്ടതാണ്.

8. സ്ഥലമാറ്റം ആവശ്യമായ സ്റ്റേഷനുകൾ 1, 2, 3 എന്ന നിലയിൽ മുൻഗണനാ ക്രമത്തിൽ എഴുതേണ്ടതാണ്. നിലവിലുള്ള സ്റ്റേഷൻ സർവ്വീസ് ദൈർഘ്യം ആയിരിക്കും പൊതു സ്ഥലമാറ്റം ലഭിക്കുവാനുള്ള മാനദണ്ഡം.

9. 2018-ലെ പൊതു സ്ഥലമാറ്റത്തിന്റെ കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതായിരിക്കും.

10. ഒരു കാര്യാലയത്തിൽ ഒരു സീറ്റിൽ/സെക്ഷനിൽ 3 വർഷത്തിലധികമായി ഇരിക്കുന്ന ജീവനക്കാരെ അതേ സ്റ്റേഷനുള്ളിലെ/ഓഫീസിനുള്ളിലെ/സെക്ഷനുള്ളിലെ മറ്റ് സീറ്റുകളിലേയ്ക്ക്/സെക്ഷനുകളിലേയ്ക്ക് മാറ്റുവാൻ ഓഫീസ് മേധാവികൾ നടപടി സ്വീകരിക്കേണ്ടതാണ്.

11. പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷ ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു. ആയത് കൃത്യമായി പൂരിപ്പിച്ച് 20.03.2018-നകം എല്ലാ ഓഫീസ് മേധാവികളും ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. ഈ കാര്യങ്ങളിൽ വീഴ്ച വരുത്തുന്നതു മൂലം ഏതെങ്കിലും ജീവനക്കാരന് നിയമപ്രകാരം സ്ഥലമാറ്റം ലഭിക്കാതെ വരികയാണെങ്കിൽ ആയതിനുള്ള പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട ഓഫീസ് മേധാവിയ്ക്കായിരിക്കും.

12. പൊതു താൽപ്പര്യാർത്ഥം ഒരു ജീവനക്കാരനെ/ജീവനക്കാരിയെ മാറ്റേണ്ട ആവശ്യമുണ്ടെങ്കിൽ ആയത് നടപ്പിൽ വരുത്തുന്നതായിരിക്കും.

13. ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമ I & II ആയത് കൃത്യമായി പൂരിപ്പിച്ച് 10.03.2018-ന് മുമ്പായി നിർബന്ധമായിട്ടും എല്ലാ ഓഫീസ് മേധാവികളും ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ (എച്ച്.ആർ.ഡി & ജനറൽ)

പകർപ്പ് : എല്ലാ ചീഫ് എഞ്ചിനീയർമാർക്കും.

പകർപ്പ് : പി.എ ടു എം.ഡി/ടി.എ ടു ടി.എം/സി.എ ടു എഫ്.എം/സി.എ.ടു ചീഫ് എഞ്ചിനീയർ (എച്ച്.ആർ.ഡി & ജനറൽ)/സി.എ.ടു ഡി.സി.ഇ (ജനറൽ)/ സി.എ. ടു സെക്രട്ടറി/സീനിയർ എ.ഒ/ഓഫീസ് പകർപ്പ്.

പകർപ്പ് : ഡി.ബി.എ കേരള വാട്ടർ അതോറിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.

Aml (PC 1)